**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **21-06-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണത്തിനായ തയ്യാറാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാലിന്യ സംസ്കരണം ഫലപ്രദമല്ല എന്ന ആക്ഷേപം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങൾ സർക്കാർ പരിശോധനക്ക് വിധേയമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ജനപങ്കാളിത്തത്തോടെ മാലിന്യ മുക്തം നവകേരളം ക്യാംപയിൻ ഊർജ്ജിതമായി നടന്നു വരുന്നു.** |
| (ബി) | മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 13-11-2023 ലെ സ .ഉ .(കൈ )നം 198/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയും പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതിനു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ നിർമിതികളിലും യന്ത്ര സംവിധാനങ്ങളിലും ഇനിയും അവശേഷിക്കുന്ന പരിമിതികളും കുറവുകളും പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സി&ഡി വേസ്റ്റ്, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, ഗാർഹിക മെഡിക്കൽ മാലിന്യം എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ, ഓരോ വാർഡിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങളുടെ അളവിനനുസരിച്ച് ചെറു അജൈവ മാലിന്യ സംഭരണികൾ (Mini MCF) നിർമ്മിക്കേണ്ടതിനുള്ള പ്രോജക്ടുകൾ. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന അജൈവ മാലിന്യം കൈകാര്യം ചെയ്യാൻ നിലവിലുള്ള സൗകര്യം അപര്യാപ്തമായ സാഹചര്യത്തിൽ സ്ഥലം ലഭ്യമാണെങ്കിൽ, നിലവിലുള്ള MCF/RRF കൾ വിപുലപ്പെടുത്തുന്നതിനും, ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തി അധികമായി ഒന്നോ അതിലധികമോ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ടുകൾ, നിലവിലുള്ള MCF/RRF ആധുനികവത്കരിക്കുന്നതിൻറെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരം തിരിക്കുന്നതിനുള്ള കൺവെയർ ബെൽറ്റ് , ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ വാഹനം, സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനാവശ്യമായ ബാഗ്/ചാക്ക് തുടങ്ങിയവ നൽകുന്നതിനുള്ള പ്രോജക്ടുകൾ, പൊതു ശുചീകരണത്തിന്റെ ഭാഗമായി മാലിന്യ കൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ, എല്ലാ നഗരഭരണ സ്ഥാപനങ്ങളിലും സാനിറ്ററി മാലിന്യ സംസ്കരണത്തിനുള്ള പ്ലാൻറ്, പൊതു ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിനുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) പ്രോജക്ടുകൾ, ഗാർഹിക/ സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം വില നൽകി തിരികെ എടുത്ത് സമ്പുഷ്ടീകരണം നടത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിൻറെ ഭാഗമായി കർഷകർക്ക് നൽകുന്ന പ്രോജക്ട്, ഡ്രെയിനേജ് , മാൻഹോൾ എന്നിവയുടെ ക്ലീനിംഗ്, ഡിസ്സ്ലഡ്ജിങ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് സംരക്ഷണ ഉപാധികൾ (Protective gears) ലഭ്യമാക്കുന്ന പ്രൊജക്റ്റ്, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങുക, കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് (FSTP) നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കായി പ്രോജക്ടുകൾ തദേശ സ്ഥാപനങ്ങളുടെ ആവശ്യകതക്കനുസരിച്ച് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (സി) | കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഏതെങ്കിലും വിധത്തിലുള്ള സഹായം എവിടെനിന്നെങ്കിലും ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന പ്ലാൻ ഫണ്ട്, അമൃത് പദ്ധതി, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) മുതലായ ഫണ്ടുകൾ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ച് വരുന്നു.കൂടാതെ ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ടക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സഹായത്തോടെ കേരള ഖര മാലിന്യ പരിപാലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിനായി ഏതെങ്കിലും പദ്ധതികളോ/ ഫണ്ടോ കേന്ദ്ര | (ഡി) | കേന്ദ്ര സർക്കാരിൽ നിന്നും അമൃത്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സ്വച്ച് ഭാരത് മിഷൻ |

| | | | |
|---|---|---|---|
| | സർക്കാരിൽ നിന്നും അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ ഗ്രാന്റുകൾ സംസ്ഥാനത്തെ മാലിന്യ സംസ്കരണ പ്രവർത്തങ്ങൾക്കായി ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ